സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 11.01.2024

നമ്പർ. EG1/49055/23/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - എഞ്ചിനീയറിംഗ് കോളേജ് ഇൻസ്ട്രക്ടർ ഗ്രേഡ് I തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ നിയമനം നൽകുന്നതിന് 01.01.2024 വരെ ബി.ടെക് .യോഗ്യത നേടിയവരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1.ജി.ഒ(പി) നം.366/2010 തീയതി.08.11.2010
2 .20.11.2023-ലെ ഇസി5/46239/23/ഡിറ്റിഇ പ്രകാരമുള്ള അനൌദ്യോഗിക കുറിപ്പ്

എഞ്ചിനീയറിംഗ് കോളേജ് ഇൻസ്ട്രക്ടർ I ഗ്രേഡ് തസ്തികയിയിൽ , ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉണ്ടായ ഒഴിവുകളിലേക്ക് ബൈ-ട്രാൻസ്ഫർ നിയമനം നടത്തുന്നതുന്നതിലേയ്ക്കായി താഴെപ്പറയുന്ന നിയമനരീതിയിൽ ഉൾപ്പെടുന്നതും 01.01.2024 വരെ ബി ടെക് യോഗ്യത നേടിയതുമായ ജീവനക്കാർ ഇതോടൊപ്പം നൽകിയിട്ടുള്ള പ്രോഫോർമയിൽ ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ eg3dte@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും അസ്സൽ പകർപ്പുകൾ സ്ഥാപന മേധാവി മുഖാന്തിരവും സർക്കുലർ പ്രസിദ്ധികരിച്ച് 2 ആഴ്ച്ചക്കുള്ളിൽ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

<u>നിയമനരീതി</u>

"1. By transfer from the post of Technical Officer/Project officer in Polytechnics stream or Lecturer in Engineering/Technology or Workshop Superintendent in Polytechnic Colleges in appropriate branches "

2. In the absence of qualified candidates under item (1) above , by Direct Recruitment

<u>യോഗ്യത</u>

"Bachelors degree in appropriate branch of Engineering/Technology with not less than 60% marks in the final qualifying examination or in aggregate from a university recognized by any university after under going a regular course of study"

ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ മാത്രമേ നിലവിൽ ഒഴിവുകൾ ഉള്ളൂ. അപേക്ഷകർ 01.07.2023-ന മുൻപ് മേൽ പറഞ്ഞ യോഗ്യത നേടിയവരായിരിക്കണം.മേൽ പറഞ്ഞ തസ്തികകളിൽ പ്രോബേഷൻ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തവർ തെരഞ്ഞെടുക്കപ്പെടാൻ യോഗ്യരല്ലാത്തതിനാൽ അവർ രേഖകൾ അയക്കേണ്ടതില്ല.

റിപ്പോർട്ടിംഗ് ഓഫീസർ, റിവ്യൂയിംഗ് ഓഫീസർ എന്നിവർ യഥാസ്ഥാനം ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയ കഴിഞ്ഞ 3 കലണ്ടർ വർഷക്കാലത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ബന്ധപ്പെട്ട ജീവനക്കാർ,അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം ഈ ഓഫീസിൽ നിന്ന് അറിയിക്കുന്ന മുറയ്ക്ക് (ആവശ്യപ്പെടുന്ന ജീവനക്കാരുടെ മാത്രം) അയച്ചുതരേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് യഥാസമയം ലഭ്യമാകാത്ത കാരണത്താൽ വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി ഏതെങ്കിലും ജീവനക്കാരനെ ഒഴിവാക്കുന്ന പക്ഷം ആയതിൻറെ ഉത്തരവാദിത്വം ബന്ധപ്പെട്ട ജീവനക്കാരന് മാത്രമായിരിക്കും

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികളും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം )

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Approval Valid

Draft #2 of File EG1/49055/23/DTE Approved by Director (in-charge) on 11-Jan-2024 03:36 PM - Page 1

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 11.01.2024
Reason: Approved

Draft #2 of File EG1/49055/23/DTE Approved by Director (in-charge) on 11-Jan-2024 03:36 PM - Page 2

The document is digitally approved. Hence signature is not needed.